പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3056 **29-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ സൗകര്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകൾ പ്രളയകാലത്ത് ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചുമൂലം നഷ്ടപ്പെട്ട ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സ്മാർട്ട് ക്ലാസ്റൂമുകൾ സജ്ജീകരിക്കുന്നതിനും, അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി നിലവിൽ ഏതെങ്കിലും പ്രത്യേക ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; മണ്ഡലത്തിൽ വകുപ്പിന്റെ നിലവിൽ പെൻഡിങ് ആയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വാഴപ്പള്ളി ഗവ. വി. എച്ച്. എസ്. എസ്-ന് കെട്ടിടനിർമ്മാണത്തിന് 112.71ലക്ഷം രൂപയും ചങ്ങനാശ്ശേരി ഗവ. എച്ച്. എസ്. എസ്-ന് 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ലാപ്ടോപ്പ്, പ്രോജക്ടർ എന്നിവ വാങ്ങുന്നതിനായി പായിപ്പാട് ഗവ. എം. എൽ. പി. സ്കൂളിന് 2 ലക്ഷം രൂപയും തുരുത്തി സെന്റ് മേരീസ് യു. പി. സ്കൂളിന് 3 ലക്ഷം രൂപയും എം. പി ഫണ്ടിൽ നിന്നും അനുവദിക്കുകയുണ്ടായി.

(ബി) മണ്ഡലത്തിലെ സ്കൂളുകളിൽ പ്രിൻസിപ്പൽ, പ്രധാന അധ്യാപകർ തുടങ്ങിയ ഭരണാധികാര തസ്തികകളും അധ്യാപക-അനധ്യാപക തസ്തികകളും കൃത്യമായി അനുവദിച്ചിട്ടുണ്ടോ; ഏതെങ്കിലും സ്കൂളുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പലിന്റെയോ ഹെഡ്മാസ്റ്ററുടെയോ ചുമതല ഇല്ലാതെയോ, അധ്യാപകരുടെ കുറവോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പ്രിൻസിപ്പാൾ, പ്രധാന അധ്യാപകർ, അധ്യാപക – അനധ്യാപക തസ്തികകളിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂളുകളിൽ സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയുടെ ആധുനികവൽക്കരണത്തിനും വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സി.എസ്.ആർ.(കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്) പങ്കാളിത്തമോ മറ്റ് പ്രത്യേക പദ്ധതികളോ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: സി. എസ്. ആർ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് നിർമ്മാണത്തിനു ജില്ലാ പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ഡി) സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും, പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനും മണ്ഡല അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി മണ്ഡലത്തിലെ വാഴപ്പള്ളി ഗവ. വി. എച്ച്. എസ്. എസ്, പെരുന്ന എൻ. എസ്. എസ്. വി. എച്ച്. എസ്. എസ് എന്നീ സ്കൂളുകളിലെ നിലവിലുള്ള കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ട്. പെരുന്ന എൻ. എസ്. എസ്. വി. എച്ച്. എസ്. എസ്-ൽ സി. സി. ടി. വി. ക്യാമറയും സ്ഥാപിച്ചിട്ടുണ്ട്. ടി മണ്ഡലത്തിലെ മറ്റു സ്കൂളുകളിൽ സി. സി. ടി. വി ക്യാമറകൾ സ്ഥാപിക്കുന്നതിനു ഫണ്ടുകൾ അനുവദിച്ചിട്ടില്ല. പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനു കോട്ടയം ജില്ലയിലെ സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ കളക്ടർക്കും നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖേന അടിയന്തര ചെലവിലേയ്ക്കായി ഒരു സ്കൂളിന് 20,000/- വീതം അനുവദിച്ചിട്ടുണ്ട്.

(ഇ) പൊതുവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും ഉച്ചഭക്ഷണം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുമായി പുതിയതായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മറുപടി: സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും ഉച്ചഭക്ഷണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്ന പദ്ധതികളാണ് ചങ്ങനാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിലും നിലവിലുള്ളത്. ടി മണ്ഡലത്തിലെ സ്കൂളുകൾക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ